ഫോൺ നമ്പർ:0484-2101485
0484-2342485, 0484-2346091
ഇമെയിൽ: ceokl@wakf.gov.in
വെബ്സൈറ്റ് : wwwkeralastatewakfboard.in

# കേരള സംസ്ഥാന വഖ്ഫ് ബോർഡ്

മുഖ്യകാര്യാലയം, വി.ഐ.പി. റോഡ്, കലൂർ, കൊച്ചി -682017

## കേരള സംസ്ഥാന വഖ്ഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടിക്രമം.

(സംഗ്രഹം)

കേരള സംസ്ഥാന വഖ്ഫ് ബോർഡ് - ആസ്ഥാന കാര്യാലയം - കണ്ണൂർ ജില്ല - കണ്ണൂർ താലൂക്ക്- പുറത്തിയിൽ മിർക്കാത്തുൽ ഇസ്ലാം ജമാഅത്ത് - 21-10-2010 മുതൽ 10-06-2015വരെ കാലയളവിലെ സർക്കാർ ഓഡിറ്റ് വകുപ്പിൽ നിന്നുള്ള ഓഡിറ്റ് റിപ്പോർട്ട് - ഓഡിറ്റ് വകുപ്പിന്റെ ശുദ്ധി പത്ര പ്രകാരമുള്ള നടപടികൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നം. A8-170/2017-KNR** | **തീയ്യതി :08-06-2023**

പരാമർശം:-
1. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 12-07-2019ലെ നം.കെ.എസ്.എ.കെ.എൻ.ആർ.സി.15/946/2019-ാം നമ്പർ ഓഡിറ്റ് റിപ്പോർട്ട്.
2. സർക്കാരിൽ നിന്നുള്ള 30-03-2023-ാം തീയ്യതിയിലെ റവ-എഫ്1/73/2019-റവ നമ്പർ കത്ത്.
3. 02-05-2023-ാം തീയ്യതിയിലെ ബോർഡ് യോഗ തീരുമാനം.
4. 06-06-2023-ാം തീയ്യതിയിലെ ബോർഡ് യോഗ തീരുമാനം.

### ഉത്തരവ്

ബോർഡിൽ 5384/ആർ.എ. നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള മേൽ വഖ്ഫിന്റെ 2010 മുതൽ 2015 വരെ കാലയളവിലെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടിന്മേൽ വഖഫ് നിയമം 48-ാം വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കുന്ന വിഷയം 21-12-2022ലെ ബോർഡ് യോഗം ചർച്ച ചെയ്യുകയും ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള സാമ്പത്തിക ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരുടെ പേരും അവരുടെ ബാധ്യത എത്രയെന്ന് നിശ്ചയിച്ച് സർട്ടിഫിക്കറ്റ് നൽകുവാനും തീരുമാനിക്കുകയുണ്ടായി. അപ്രകാരം കണ്ണൂർ ജില്ല ഓഡിറ്റ് കാര്യാലയം സീനിയർ ഡപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച 03-03-2023ലെ കെ.എസ്.എ.എ/കെ.എൻ.ആർ-സി-13/176/2023 നമ്പർ ശുദ്ധി പത്രം പരാമർശം (2) കത്ത് സഹിതം സർക്കാരിൽ നിന്നും ലഭിക്കുകയുണ്ടായി. ടി ശുദ്ധി പത്രത്തിൽ മേൽ വഖ്ഫിനുണ്ടായ നഷ്ടത്തിന്റെയും ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടേയും റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായ ആളുടെ പേരും വിലാസവും പ്രതിപാദിച്ചിരുന്നതും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരുടെ പേരു വിവരവും അവരുടെ ബാധ്യതയും നിർണ്ണയിച്ചിരുന്നതിനാലും വേണ്ട തുടർ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശിച്ചിരുന്നു. മേൽ വിഷയം പരാമർശം (3), (4) ബോർഡ് യോഗങ്ങളിൽ പരിഗണിക്കുകയുണ്ടായി.

02-05-2023ലെ ബോർഡ് യോഗ തീരുമാനപ്രകാരം സർക്കാരിൽ നിന്നും ലഭിച്ച ശുദ്ധിപത്രത്തിന്റെ പകർപ്പ് ബോർഡ് അംഗങ്ങൾക്ക് പരിശോധനക്കായി അയച്ചു നൽകി. 06-06-2023-ാം തീയ്യതിയിലെ ബോർഡ് യോഗത്തിൽ ടി വിഷയം

വീണ്ടും പരിഗണിക്കുകയും, കണ്ണൂർ ജില്ല ഓഡിറ്റ് കാര്യാലയം സീനിയർ ഡപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച ശുദ്ധി പത്രത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന ഓഡിറ്റ് വരവ് ഇനത്തിൽ നഷ്ടമായി കാണിച്ച 9,247/-രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തിയ രൂപയായ 1,57,79,500/-രൂപയും നഷ്ടത്തിന് ഉത്തരവാദിയായ കെ.പി.താഹിർ, എം.വി.കെ. ഹൗസ്, പുറത്തിയിൽ, വാരം.പി.ഒ. കണ്ണൂർ എന്ന വ്യക്തിയിൽ നിന്നും റിക്കവറി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ക്രമിനൽ കേസ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും വിവരങ്ങൾ സർക്കാരിലേക്ക് അറിയിക്കുന്നതിനും തീരുമാനിച്ച് ഉത്തരവായിട്ടുള്ളതാണ്.

ആയതിനാൽ, പരാമർശം (4) ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെ.പി.താഹിർ, എം.വി.കെ. ഹൗസ്, പുറത്തിയിൽ, വാരം.പി.ഒ. കണ്ണൂർ എന്ന വ്യക്തിയിൽ നിന്നും വഖ്ഫിന് നഷ്ടം വന്ന തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് കണ്ണൂർ ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തുന്നു. കൂടാതെ, ടി വിഷയത്തിൽ ക്രമിനൽ കേസ് ഫയലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഈ ഓഫീസിലെ സി2 സെക്ഷനും നിർദ്ദേശം നൽകുന്നു.

(ഒപ്പ്)
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

THE KERALA STATE WAQF BOARD * ERNAKULAM COCHIN 682017

**(ഉത്തരവിൻ പ്രകാരം)**

**ജൂനിയർ സൂപ്രണ്ട്**

To

1. ഡിവിഷണൽ വഖഫ് ഓഫീസർ,
   കേരള സ്റ്റേറ്റ് വഖഫ് ബോർഡ്,
   ഡിവിഷണൽ ഓഫീസ്,
   കണ്ണൂർ. (അറിവിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും)

2. ശ്രീ. കെ.പി. താഹിർ,
   എം.വി.കെ. ഹൗസ്,
   പുറത്തിയിൽ, വാരം.പി.ഒ.
   കണ്ണൂർ. -670594

3. സെക്രട്ടറി,
   പുറത്തിയിൽ മിർഖാത്തുൽ ഇസ്ലാം ജമാഅത്ത്,
   പുറത്തിയിൽ
   വാരം.പി.ഒ. കണ്ണൂർ -670594

4. സി-2 സെക്ഷൻ,
   കേരള സ്റ്റേറ്റ് വഖഫ് ബോർഡ്,
   ഹെഡ്ഓഫീസ്.

പകർപ്പ് :-

1. നോട്ടീസ് ബോർഡ്, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, ഹെഡ്ഓഫീസ്.
2. നോട്ടീസ് ബോർഡ്, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, ഡിവിഷണൽ ഓഫീസ്, കണ്ണൂർ.
3. നോട്ടീസ് ബോർഡ്, പുറത്തിയിൽ മിർഖാത്തുൽ ജമാഅത്ത്, പുറത്തിയിൽ, കണ്ണൂർ.

mkm